"ഭരണഭാഷ – മാതൃഭാഷ"

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം -33

Phone : 0471 - 2324951
0471 - 2325071
Tele FAX : 0471 - 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

നം.ഡിബി4/.531/20/സി.ഇ/തസ്വഭവ തീയതി : 20.04.2020

## സർക്കുലർ

വിഷയം : തസ്വഭവ - സാങ്കേതിക വിഭാഗം - "മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി" [Chief Minister's Local Roads Rebuild Project (CMLRRP)]യുടെ പ്രവൃത്തികളുടെ - നിർവ്വഹണം - സംബന്ധിച്ച്

പരാമർശം :
1. സ.ഉ(സാധാ)നം.13/2020 ത.സ്വ.ഭ.വ തീയതി 09.01.2020
2.സർക്കുലർ ഡി.ബി3-4620/19/സിഇ/ത.സ്വ.ഭ.വ തീയതി 04.03.2020
3.സ.ഉ(സാധാ) നം.49/2020 ത.സ്വ.ഭ.വ തീയതി 18.03.2020

സൂചന (1) ഉത്തരവ് പ്രകാരം കഴിഞ്ഞ രണ്ടു വർഷങ്ങളിലെ പ്രളയത്തിൽ തകർന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകളുടെ പുനരുദ്ധാരണത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി (CMDRF)യിൽ നിന്നും 961.264 കോടി രൂപ അനുവദിച്ച ഉത്തരവായിട്ടുള്ളതാണ് .

പ്രളയാനന്തര പുനർനിർമ്മാണവുമായി ബന്ധപ്പെട്ട റോഡ് ടാറിംഗ് പ്രവൃത്തികളിൽ Shredded Plastic കൂടി ഉപയോഗിച്ച് ടാറിംഗ് ചെയ്യുന്നതിന് സൂചന (2) സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

സൂചന (3) ഉത്തരവ് പ്രകാരം മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന 2011 പ്രവർത്തികൾക്കായി 354,59,31,290/-(മുന്നൂറ്റി അൻപത്തിനാല് കോടി അൻപത്തൊൻപതു ലക്ഷത്തി മുപ്പത്തി ഒന്നായിരത്തി ഇരുനൂറ്റി തൊണ്ണൂറ് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി (CMDRF)യിൽ നിന്നും വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവായിട്ടുള്ളതാണ്.

സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ടി-പദ്ധതിയിയിൻ കീഴിലുള്ള പ്രവൃത്തികളുടെ ഘട്ടം ഘട്ടമായുള്ള മോണിറ്ററിംഗ് നടത്തുന്നതിലേക്കായി (പ്രവൃത്തികളുടെ തൽസ്ഥിതി അറിയുന്നതിന്) IKM ഒരു സോഫ്റ്റ്‌വെയർ വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ആയത്, കമ്മീഷൻ ചെയ്യുന്ന മുറക്ക് അതാത് തസ്വഭവ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർ ടി-സോഫ്റ്റ്‌വെയറിൽ വേണ്ട രേഖപെടുത്തലുകൾ നടത്തേണ്ടതാണ്.

സൂചന (3) ഉത്തരവിൽ അനുബന്ധമായി ചേർത്തിട്ടുള്ള പ്രവർത്തികൾ ഏത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അധീനതയിലാണോ വരുന്നത് അവിടുത്തെ എഞ്ചിനീയറിങ് വിഭാഗം മേധാവി ടി-പ്രവൃത്തികളുടെ നിർവ്വഹണം നടത്തേണ്ടതാണ്. കൂടാതെ, ഏതെങ്കിലും പ്രവൃത്തി രണ്ട് ഗ്രാമ/ ബ്ലോക്ക് പഞ്ചായത്തിലൂടെയോ കടന്നു പോകുന്നുവെങ്കിൽ ആയത് ജില്ലാ പഞ്ചായത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ശ്രദ്ധയിൽപെടുത്തേണ്ടതും ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇത്തരം പ്രവൃത്തികളുടെ നിർവ്വഹണം നടത്തേണ്ടതുമാണ്. ടി-ഉത്തരവിൽ പരാമർശിച്ചിട്ടുള്ള നിബന്ധനകൾ കണക്കിലെടുത്ത് സാങ്കേതികാനുമതി നേടി പ്രവൃത്തികളുടെ നിർവ്വഹണം നടത്തേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും അതാത് ത.സ്വ.ഭ.വ സ്ഥാപനങ്ങളിലെ വാർഡ് മെമ്പറും ഉൾപ്പെടുന്ന കമ്മിറ്റിയായിരിക്കും സൂചന (3) ഉത്തരവിൽ പരാമർശിച്ചിട്ടുള്ള

പ്രാദേശികതല മേൽനോട്ടത്തിനുള്ള ചുമതല. ടി-പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കേണ്ട ചുമതല ജില്ലാതല എഞ്ചിനീയർമാരെ ഉൾപ്പെടുത്തി ജില്ലാ കളക്ടർ രൂപീകരിക്കുന്ന സമിതിക്കായിരിക്കും.

ഗ്രാമ/ജില്ലാ പഞ്ചായത്തിന്റെ കാര്യത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും, മുനിസിപ്പാലിറ്റികളിലേത് ഉത്തര/ദക്ഷിണ മേഖല സൂപ്രണ്ടിങ് എഞ്ചിനീയർമാരും, കോർപറേഷനുകളിലെത് അതാത് കോർപറേഷൻ സൂപ്രണ്ടിങ് എഞ്ചിനീയർമാരും ടി-പദ്ധതിയിൻ കീഴിലുള്ള റോഡ്, പാലം, കലുങ്ക്, സൈഡ് കെട്ട് പ്രവൃത്തികളുടെ മുഴുവനായ മേൽനോട്ടം വഹിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

ചീഫ് എഞ്ചിനീയർ